# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : *347 — 23.08.2017 ൽ മറുപടിക്ക്

## വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിന് നടപടികൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. റോജി എം. ജോൺ<br>ശ്രീ. വി. എസ്.ശിവകുമാർ<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ<br>ശ്രീ. കെ. മുരളീധരൻ. | | ശ്രീ. എ.സി. മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്തെ വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് ഈ സർക്കാർ കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദീകരിക്കുമോ; | (എ) | സംസ്ഥാനത്ത് പരിസ്ഥിതിക്ക് ഇണങ്ങുന്ന വ്യാവസായിക പുരോഗതി കൈവരുത്തുന്നതിനും അഭ്യസ്തവിദ്യരായ യുവതലമുറയുടെ പ്രതീക്ഷകൾക്ക് അനുസരിച്ച് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും അതിലൂടെ സാമ്പത്തിക വളർച്ചയുമാണ് സർക്കാർ ലക്ഷ്യം വെക്കുന്നത്. നിലവിലുള്ള വ്യവസായങ്ങളെ പരിപോഷിപ്പിച്ചും പൊതു-സ്വകാര്യ മേഖലകളിൽ ആധുനിക വ്യവസായ സംരംഭങ്ങൾ ആരംഭിച്ചും കേരളത്തെ സമ്പൂർണ്ണ നിക്ഷേപ സൗഹൃദസംസ്ഥാനമാക്കി മാറ്റിയെടുക്കാനുള്ള ഫലപ്രദവും ക്രിയാത്മകവുമായ നടപടികളുമായി സർക്കാർ മുന്നോട്ട് പോകുകയാണ്. അതിന്റെ ഭാഗമായി ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് പദ്ധതി പ്രകാരം 'കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ ആക്ട്' നടപ്പിലാക്കാനുള്ള നടപടിക്രമങ്ങൾ അന്തിമഘട്ടത്തിലാണ്. അതുവഴി സംരംഭങ്ങൾക്ക് ആവശ്യമായ ക്ലിയറൻസ് നടപടിക്രമങ്ങൾ സുതാര്യവും സുഗമമായതും ആകാൻ കഴിയും. |
| (ബി) | ഇതിനായി എന്തെല്ലാം കർമ്മ പരിപാടികളാണ് ആസൂത്രണം | (ബി) | വ്യവസായ വളർച്ച ത്വരിതപ്പെടുത്തുന്നതിനും ചെറുകിട വ്യവസായികളെ ആകർഷിക്കുന്ന |

| | | | |
|---|---|---|---|
| | ചെയ്തിരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ; | | നുമായി എല്ലാ ജില്ലകളിലും ഇൻവെസ്റ്റേഴ്സ് മീറ്റ് സംരംഭകത്വ പരിശീലന പദ്ധതി, ടെക്നോളജി ക്ലിനിക്ക്, നൈപുണ്യ വികസന പദ്ധതി (Skill Development Programme) തുടങ്ങിയ പദ്ധതികൾ നടത്തിവരുന്നു. ബോധവൽക്കരണ / പരിശീലന ക്ലാസ്സുകൾക്കും സംരംഭകത്വ വികസന പരിശീലന പരിപാടികൾക്കും പുറമെ MSME ഉല്പന്ന വിപണന മേളകൾ, മെഷിനറി എക്സിബിഷൻ , ടെക്നോളജി ക്ലിനിക്കുകൾ , ബിസിനസ് റ്റു ബിസിനസ് മീറ്റ് എന്നീ പരിപാടികളും സംഘടിപ്പിച്ചുവരുന്നു. |
| **(സി)** | എന്തെല്ലാം ആനുകൂല്യങ്ങളും പ്രോത്സാഹനങ്ങളുമാണ് സംരംഭകർക്ക് നൽകാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ? | **(സി)** | സംസ്ഥാനത്തെ വ്യവസായ സംരംഭകരെ പ്രോത്സാഹിക്കുന്നതിനായി വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്, കിൻഫ്ര എന്നിവയ്ക്ക് കീഴിൽ നിരവധി നൂതന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.<br>**<u>സംരംഭകത്വ സഹായ പദ്ധതി</u>**യിലൂടെ വ്യവസായ വകുപ്പ് സൂക്ഷ്മ ചെറുകിട ഇടത്തര സംരംഭങ്ങൾക്ക് സ്ഥിരമൂലധനത്തിന്റെ 15% സഹായമായും നൽകുന്നു. പരമാവധി 20 ലക്ഷം രൂപ വരെ. വനിതാ - യുവസംരംഭകർക്കും, പട്ടികജാതി/ പട്ടിക വർഗ്ഗ സംരംഭകർക്കും സ്ഥിരമൂലധന നിക്ഷേപത്തിന്റെ 20% സാമ്പത്തിക സഹായം തരുന്നു. പരമാവധി 30 ലക്ഷം രൂപ.<br>**<u>ഇ ഡി ക്ലബ്ബ്</u>** യുവതയെ തൊഴിൽ അന്വേഷകരിൽനിന്നും തൊഴിൽദാതാക്കളായി വികസിപ്പിക്കുന്നതിനും അവരിൽ വ്യക്തിത്വ വികസന വളർച്ച സൃഷ്ടിക്കുന്നതിനും വിദ്യാർത്ഥികളിലെ നവ ആശയങ്ങളെ രൂപകൽപ്പന ചെയ്ത് യുവസംരംഭകരാക്കി വളർത്തിയെടുക്കുന്നതിനായി ഇ ഡി (എന്റർപ്രണർഷിപ്പ് ഡെവലപ്പ്മെന്റ്) ക്ലബ്ബുകൾ പ്രവർത്തിച്ചുവരുന്നു.<br>**<u>ഇൻകുബേഷൻ സെന്ററുകൾ</u>** പുതിയ വ്യവസായ ആശയങ്ങളുമായി മുന്നോട്ട് വരുന്ന സംരംഭകരുടെ സ്വപ്നം സാക്ഷാത്ക്കരിക്കാനാവശ്യമായ എല്ലാവിധ സഹായങ്ങളും ലഭ്യമാക്കുന്നതിനാണ് ഇൻകുബേഷൻ സെന്ററുകൾ പ്രവർത്തിച്ചുവരുന്നത്.<br>**<u>ക്ലസ്റ്റർ ഡെവലപ്പ്മെന്റ് പ്രോഗ്രാം</u>** ഒരേ തരത്തിലുള്ള ഉൽപ്പന്നങ്ങൾ നിർമ്മിക്കുകയും ഒരു പ്രദേശത്ത് പ്രവർത്തിക്കുകയും ചെയ്യുന്ന വ്യവസായസംരംഭങ്ങൾക്ക് സഹായകരമാവുന്ന |

| | | | |
|---|---|---|---|
| | | | വിധത്തിൽ കോമൺ ഫെസിലിറ്റി സെന്റർ സ്ഥാപിക്കുക എന്ന ലക്ഷ്യത്തോടെ MSE – CDP പദ്ധതി നടപ്പിലാക്കിവരുന്നു.<br>മേൽപ്പറഞ്ഞവ കൂടാതെ ബോധവൽക്കരണ ക്ലാസ്സുകൾ പരിശീലന പരിപാടികൾ, മെഷിനറി എക്സിബിഷൻ തുടങ്ങിയ പദ്ധതികൾ ബ്ലോക്ക്തലം മുതൽ ജില്ലാതലം വരെ നടത്തിവരുന്നു.<br>കേരളത്തിലെ ഭൂമി ദൗർലഭ്യം കണക്കിലെടുത്ത് പശ്ചാത്തലസൗകര്യ വികസനം ഒരുക്കുന്നതിനായി പ്രധാന വ്യവസായവികസന മേഖലകളിൽ ബഹുനില വ്യവസായ സമുച്ചയങ്ങൾ നിർമ്മിച്ച് സംരംഭകർക്ക് നൽകുന്ന പദ്ധതി നിലവിലുണ്ട്. അതിന്റെ തുടക്കമായി എറണാകുളം ജില്ലയിൽ എടയാറിൽ ബഹുനില സമുച്ചയം നിർമ്മിച്ച് സംരംഭകർക്ക് അനുവദിച്ചുകഴിഞ്ഞു. തൃശ്ശൂർ ജില്ലയിലെ പുഴക്കൽ പാടത്ത് മറ്റൊരു സമുച്ചയത്തിന്റെ പണി പൂർത്തിയായി. തിരുവനന്തപുരം, ആലപ്പുഴ, പാലക്കാട് എന്നീ ജില്ലകളിലെ സമുച്ചയങ്ങളുടെ നിർമ്മാണം പുരോഗതിയിലാണ്. |

**സെക്ഷൻ ഓഫീസർ**